**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1418.

11-08-2017 ൽ മറുപടിയ്ക്ക്

## ചെട്ടിപ്പാടം പാടശേഖരത്തിൽ കൃഷി ചെയ്യാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

**ചോദ്യം**
ശ്രീ.ജോൺ ഫെർണാണ്ടസ്

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽ വർഷങ്ങളോളം കൃഷി ചെയ്തിരുന്ന 3 ഏക്കറോളം വരുന്ന ചെട്ടിപ്പാടം പാടശേഖരത്തിൽ കൃഷി ചെയ്യാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | ചെട്ടിപ്പാടം പാടശേഖരത്തിൽ കൃഷി ചെയ്യുവാനായി പെട്ടിയും പറയും സ്ഥാപിക്കാൻ കൊച്ചി കോർപ്പറേഷനിൽ പ്രോജക്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതും അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. |
| (ബി) | ഈ പാടശേഖരത്തിലെ ഭൂമി ആരുടെയെല്ലാം കൈവശമാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഭൂവുടമകളുടെ ലിസ്റ്റ് പാടശേഖര സമിതികളുടെ സഹായത്തോടെ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. |
| (സി) | ഈ പാടശേഖരത്ത് കൃഷി ചെയ്യുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതിയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; | (സി) & (ഡി) | ഉണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പെട്ടിയും പറയും സ്ഥാപിക്കാൻ 3 ലക്ഷം രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ കൊച്ചി കോർപ്പറേഷനിൽ സമർപ്പിക്കുകയും ഡി.പി.സി. അംഗീകാരം നമ്പർ DPC411/33/17DPC/DPO EKM ആയി അംഗീകരിക്കുകയും ചെയ്തു. |
| ഡി) | ഈ പ്രൊപ്പോസൽ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; ആരാണ് അംഗീകാരം നൽകേണ്ടതെന്ന് വ്യക്തമാക്കാമോ; | | |
| (ഇ) | ചെട്ടിപ്പാടം പാടശേഖരസമിതിയിലെ അംഗങ്ങൾ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ഇ) | ചെട്ടിപ്പാടം പാടശേഖരസമിതി സജീവ പ്രവർത്തനം ഇല്ലാത്തതാണ്. രജിസ്ട്രേഷൻ പുതുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ